ISSN 2319-3263

കേരള സാഹിത്യ അക്കാദമി

# സാഹിത്യലോകം

വാല്യം 51 | ലക്കം 3 ● 2022 മെയ്-ജൂൺ

Aijaz Ahmad



# ഐജാസ് അഹമദ്

## വ്യക്തിയും കാലവും

ഡോ. പി. കെ. പോക്കർ

വി.എസ്. ബിന്ദു

Scanned with CamScanner

**സാഹിത്യലോകം**

ദ്വൈമാസിക

പുസ്തകം 51 ലക്കം 3

2022 മെയ്-ജൂൺ

ISSN 2319-3263

വില : 40 രൂപ

വാർഷിക വരിസംഖ്യ : 240 രൂപ

പത്രാധിപസമിതി

*പ്രസിഡന്റ്* | സച്ചിദാനന്ദൻ

*സെക്രട്ടറി & എഡിറ്റർ* | പ്രൊഫ. സി.പി. അബൂബക്കർ

*കൺവീനർ* | കെ.ഇ.എൻ. കുഞ്ഞഹമ്മദ്

*സബ് എഡിറ്റർ* | എൻ.ജി. നയനതാര

*അംഗങ്ങൾ*

എൻ. രാജൻ

ശ്രീലതാവർമ്മ

ബെന്യാമിൻ

രാവുണ്ണി

ഇ.വി. രാമകൃഷ്ണൻ

*കവർ ഡിസൈൻ & ലേ-ഔട്ട്* | രാജേഷ് ചാലോട്

*കവർ പെയിന്റിങ്* | സുധി അന്ന

*പ്രൂഫ്* | ടി.എസ്. സന്തോഷ്

*അച്ചടിനിർവ്വഹണം*

കാർമ്മൽ ഓഫ്സെറ്റ്, തൃശ്ശൂർ.

*വിലാസം*

**കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ-680 020**

E-mail: office@keralasahityaakademi.org

editorial@keralasahityaakademi.org

Website: keralasahityaakademi.org

Printed and published by C.P. Aboobacker on behalf of Kerala Sahitya Akademi, Thrissur and printed of Carmel Offset, Thrissur and Published at Kerala Sahitya Akademi, P.B. No. 501, Thrissur District, Kerala state. Editor : C.P. Aboobacker.

# ഉള്ളടക്കം


07 സൈദ്ധാന്തിക വിമർശനങ്ങളിലെ സൂക്ഷ്മതയും സൗഹൃദാത്മക ജനാധിപത്യവും
**ഡോ. പി.കെ. പോക്കർ**

18 പ്രയോഗത്തിന്റെയും പങ്കാളിത്തത്തിന്റെയും മാർക്സിസ്റ്റ് പരികല്പനകൾ
**വി.എസ്. ബിന്ദു**

24 ഡ്രൈവിണിയും ആദ്യകാല കഥകളിലെ ചില പെണ്ണുങ്ങളും
**ഡോ. ജിസാ ജോസ്**

36 മഹിളകളില്ലാത്ത മണിപ്രവാള സാഹിത്യം
**കവിതാരാമൻ**

45 ഇന്ദുലേഖ: പാർശ്വവത്കരണത്തിന്റെ രാഷ്ട്രീയപാഠം
**ഡോ. പി.പി. പ്രകാശൻ**

55 ഭാഷയിലെ മെറ്റോണിമി
**ഡോ. ബ്രിൻസി മാത്യു**

61 ഉത്തരാധുനികതയുടെ കാലപരികല്പനകൾ
**ഡോ. എം. എസ്. പോൾ**
**ഡോ. ഐശ്വര്യാ മാധവൻ**

71 അച്ഛനും മകളും: വിസ്ഫോടനാത്മകമായ ദൃശ്യകാവ്യം
**എം. രാമചന്ദ്രൻ**

79 നെഗ്രിറ്റ്യൂഡ് കവിതകൾ: സംസ്കാരപഠനവും സൗന്ദര്യശാസ്ത്രവും
**ഡോ. ഷിമി പോൾ ബേബി**


Scanned with CamScanner

89 നവോത്ഥാന നിർമ്മിതികൾ മുത്തിരിങ്ങോട്ടിന്റെ കഥകളിൽ
**അഭിലാഷ് ഡൊമിനിക്**

96 പ്രദേശസങ്കല്പനം സി.വി. ശ്രീരാമന്റെ കഥകളിൽ
**ഡോ. ശ്രീരഞ്ജിനി ജി.**

102 പ്രതി പൂവൻകോഴി എന്ന രാഷ്ട്രീയനോവൽ
**ഡോ. ഷിജ്ജു കെ.**

108 കാദംബരിയുടെ വിധിനിയോഗങ്ങൾ
**ഡോ. ടി.എം. മാത്യു**

112 തലശ്ശേരി രേഖകളിലെ ലിംഗപ്രത്യയങ്ങൾ: ഒരു കേരളപാണിനീയ വിമർശനം
**അഞ്ജു മാത്യൂസ്**

117 ജൈവരാഷ്ട്രീയം പി. സുരേന്ദ്രന്റെ നോവലുകളിൽ
**ഡോ. മേരി എം. എബ്രഹാം**

CS Scanned with CamScanner

ഡോ. ബ്രിൻസി മാത്യു

# ഭാഷയിലെ മെറ്റോണിമി

ഭാഷ നിരന്തരപരിണാമിയാണ്. ഭാഷയുടെ രൂപപരമായ വിവിധ സവിശേഷതകളെ പ്രയോജനപ്പെടുത്തുമ്പോൾ ആശയവിനിമയത്തിന്റെ അപാരമായ സാദ്ധ്യതകൾ തുറക്കുന്നു. വാമൊഴിയിലും വരമൊഴിയിലും വാക്കിനെ കൂടുതൽ ചലനാത്മകമാക്കാൻ വ്യത്യസ്ത സങ്കേതങ്ങൾ ഉപയോഗിക്കാറുണ്ട്. ഇപ്രകാരം ഭാഷയ്ക്ക് കൂടുതൽ അർത്ഥ സാദ്ധ്യതയും ഭാവനയും പ്രദാനം ചെയ്യുന്ന സാഹിത്യഉപക രണമാണ് മെറ്റോണിമി (metonymy). അർത്ഥവിപുലീകര ണസാദ്ധ്യതയാണ് മെറ്റോണിമിയിലൂടെ ഭാഷയ്ക്ക് കൈവരുന്നത്. Metonymia എന്ന ഗ്രീക്കുവാക്കിന് 'Change the name or misnomer' എന്നാണർത്ഥം. മെറ്റോണിമിയിൽ ഒരു പദം മറ്റൊരു പദത്തിന് പകരം വയ്ക്കുന്നു. സാമ്യമില്ലാത്ത ആശയങ്ങളുടെയും വസ്തുക്കളുടെയും സംഭവങ്ങളുടെയും പരസ്പരബന്ധത്തെ മെറ്റോണിമി അനുമാനിക്കുന്നു.

### ഗുണവൃത്തി, ലക്ഷണ

ജാക്കോബ്സന്റെ ഘടനാവാദത്തിൽ ഗുണവൃത്തി (Metaphor), ലക്ഷണ (Metonymy) എന്നീ രണ്ടുസങ്കല്പ ങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്നു. ഗുണവൃത്തിയിൽ ഒരു പദത്തെ സമാനാർത്ഥകമായ മറ്റൊരു പദംകൊണ്ട് ആദേശം ചെയ്യുന്നു. ലക്ഷണയിൽ ഒരു പദത്തിനു മറ്റൊരു പദത്തോടുള്ള സാഹചര്യമാണ് അടിസ്ഥാനം. ലക്ഷണ,

Scanned with CamScanner



*ജാക്കോബ്സൻ*

ഗുണവൃത്തി എന്നിവയ്ക്ക് നല്കുന്ന ആപേക്ഷികപ്രാധാന്യമാണ് കലാരൂപങ്ങളുടെ തനിമ നിർണ്ണയിക്കുന്നതെന്ന് ജാക്കോബ്സൺ പറയുന്നു. ഭാഷയിലെ സംയോഗസന്ദർഭംകൊണ്ട് സൃഷ്ടിക്കപ്പെടുന്ന മെറ്റഫറിന്റെ ഉപവിഭാഗമായി മെറ്റോണിമിയെയും സിനക്ഡോഷിനെയും (Synecdoche) കാണുന്നവരുണ്ട്. ഒരു അംശത്തിന്റെ പ്രതിനിധാനത്തിലൂടെ ഒരു വ്യക്തിയെയോ സമൂഹത്തെയോ പൂർണ്ണമായ ഒരു കാര്യത്തെയോ ധ്വനിപ്പിക്കുന്ന രീതിയാണ് സിനക്ഡോഷിലുള്ളത്. ഇത് മെറ്റോണിമിയിൽനിന്ന് അത്ര വ്യത്യസ്തമല്ലെന്നുതന്നെ പറയാം. എന്നാൽ മെറ്റഫറും മെറ്റോണിമിയും വിരുദ്ധമാണെന്നാണ് ജാക്കോബ്സന്റെ അഭിപ്രായം. കാരണം, മെറ്റഫറിന്റെയും മെറ്റോണിമിയുടെയും ഉല്പാദനതത്ത്വങ്ങൾ വിരുദ്ധങ്ങളാണ്. വർണ്ണ്യാവർണ്ണ്യങ്ങൾ വിരുദ്ധങ്ങളാണെങ്കിലും അവയുടെ ധർമ്മസമാനതയാണ് മെറ്റഫറിനെ ജനിപ്പിക്കുന്നത്. പ്രത്യക്ഷത്തിൽ സാദൃശ്യമില്ലായ്മയും എന്നാൽ അവബോധത്തിൽ സാദൃശ്യം പ്രതീതമാക്കുകയുമാണ് മെറ്റഫർ ചെയ്യുന്നത്.

"പുള്ളിയുള്ളാകാശമെൻകൂടെ
നാലു കാലിന്മേൽ നടക്കുന്നു"

(*പിറവി* - ആറ്റൂർ രവിവർമ്മ)

ആകാശത്തിന് സചേതനത്വം നല്കുന്ന, ചലനാത്മകത വെളിപ്പെടുത്തുന്ന ഒരു മെറ്റഫർ ആണ് ഇവിടെ പ്രയോഗിച്ചിരിക്കുന്നത്.

"കോളേജിലേക്കു രണ്ടുവഴികൾ
വായയും മലദ്വാരവും പോലെ"

(*ക്യാൻസർ* - ആറ്റൂർ രവിവർമ്മ)

പ്രത്യക്ഷത്തിൽ യാതൊരു സാദൃശ്യവുമില്ലാത്ത ക്യാൻസർരോഗിയെയും ദൂഷിതമായ കോളേജ് വിദ്യാഭ്യാസത്തെയും അനുരൂപപ്പെടുത്തിയിരിക്കുന്നു. കവിതയിലെ ഭാഷ ഇവിടെ നവീകരിക്കപ്പെടുന്നു.

മെറ്റോണിമി രചനയിലും സംഭാഷണത്തിലും കൂടുതൽ പ്രതീകാത്മകഭാവം നല്കുന്നതായി കാണാം.

"ചെങ്കോലു ദൂരത്തിട്ടു യോഗദണ്ഡെടുക്കുന്നു." (*പുരാണങ്ങൾ* - വള്ളത്തോൾ)

ഈ വരിയിലെ 'ചെങ്കോൽ' ചക്രവർത്തിയെയും 'യോഗദണ്ഡ്' യോഗിയെയും പ്രതിനിധാനം ചെയ്യുന്നു. ഇത്തരത്തിലുള്ള ആദേശത്തെ മെറ്റോണിമിയായി കരുതാം.

Scanned with CamScanner

മെറ്റഫർ സ്വഭാവത്താൽ സാധർമ്മപരമാണ്. മെറ്റോണിമി വിന്യാസനപരമാണ്. അത് ഭാഷയുടെ തിരശ്ചീനതലത്തിൽ പ്രവർത്തിക്കുന്നു. 1956-ൽ എഴുതിയ Two Aspects of Language and Two Types of Aphasic Disturbances എന്ന ലേഖനത്തിൽ റോമൻ ജാക്കോബ്സൺ ഭാഷയുടെ ദ്വന്ദ്വാർത്ഥകസാദ്ധ്യതകളെപ്പറ്റി പ്രതിപാദിക്കുന്നു. രൂപകല്പന മെറ്റഫറിന്റെയും മെറ്റോണിമിയുടെയും ധ്രുവങ്ങൾക്കുമദ്ധ്യേ ആന്ദോളനം ചെയ്യുമ്പോൾ കാവ്യത്തിൽ കൂടുതൽ സമാനതയുടെ തത്ത്വങ്ങൾ പാലിക്കപ്പെടുന്നു. എന്നാൽ ഗദ്യം കൂടുതൽ മെറ്റോണിമിക് ആണെന്ന് അദ്ദേഹം പറയുന്നു. എഡ്വേർഡ് ബൾവർ ലിറ്റൺ എഴുതിയ *റിച്ചെലിയു* എന്ന നാടകത്തിലെ “പേന വാളിനേക്കാൾ ശക്തമാണ്” എന്ന പ്രയോഗം മെറ്റോണിമിക്ക് മികച്ച ഉദാഹരണം ആണ്. യുദ്ധകാലത്ത് ശാരീരികഅതിക്രമങ്ങളെക്കാൾ ബുദ്ധിയും ചിന്തയും ശക്തമാണെന്നാണ് ഈ പ്രയോഗത്തിലൂടെ അർത്ഥമാക്കിയിരിക്കുന്നത്. വില്യം ഷേക്സ്പിയറുടെ ജൂലിയസ് സീസറിലെ “നിങ്ങളുടെ ചെവി എനിക്ക് തരൂ” എന്ന വരികളിൽ ‘ചെവി’ എന്ന പദത്തിന് ‘ശ്രദ്ധ’ എന്ന അർത്ഥമാണുള്ളത്.

മെറ്റോണിമി ഭാഷയിൽ ഒരു സൂചകമായി നിലകൊള്ളുന്നു. പരസ്യങ്ങളിലും സിനിമകളിലും നിത്യസംഭാഷണങ്ങളിലും നിറഞ്ഞുനില്ക്കുന്ന മെറ്റോണിമി സാഹിത്യത്തിൽ നൂതനഭാഷ സൃഷ്ടിക്കുകയും സാഹിത്യത്തെ കൂടുതൽ പ്രതീകാത്മകമാക്കുകയും ചെയ്യുന്നു.

### ഉപാദാനലക്ഷണ-ധൈഷണികവൃത്തി

മലയാളത്തിൽ ഉപാദാനലക്ഷണ, ഉപാദാനബന്ധം എന്നീപദങ്ങൾ മെറ്റോണിമിക്കു പകരമായി ഉപയോഗിക്കുന്നു. അലങ്കാരവസ്തുവായിട്ടല്ല “ചിന്തയെ ഭാഷയുമായി ബന്ധിപ്പിക്കുന്ന ധൈഷണികവൃത്തിയായിട്ടാണ്” പി.എം. ഗിരീഷ് മെറ്റോണിമിയെ നിർവ്വചിക്കുന്നത്. വാച്യാർത്ഥത്തിനുപുറമേ മറ്റൊരു ആശയംകൂടി സൂചിപ്പിക്കുന്നതാണ് ഉപാദാനലക്ഷണ. സങ്കല്പനവ്യവസ്ഥയെയും സാമൂഹികചലനാത്മകതയ്ക്കനുസരിച്ച് രൂപപ്പെടുന്ന സങ്കല്പനങ്ങളെയും ആവിഷ്കരിക്കാൻ ഉപാദാനലക്ഷണയ്ക്ക് കഴിയും. എന്നാൽ അർത്ഥവ്യാപനത്തിലേക്ക് നയിക്കുന്ന ഉപാദാനലക്ഷണ വാച്യാർത്ഥത്തിൽനിന്ന് പൂർണ്ണമായും ലക്ഷ്യാർത്ഥത്തിലേക്ക് പരിവർത്തനപ്പെടുന്നില്ല. എഴുത്തുകാരൻ മെറ്റോണിമി ഉപയോഗിക്കുമ്പോൾ വായനക്കാരനെക്കൂടി കണക്കിലെടുക്കേണ്ടതാണ്. കാരണം, വായനക്കാരന് പദങ്ങളുടെ ബന്ധത്തെക്കുറിച്ചും സമാനആശയങ്ങളെക്കുറിച്ചും അറിവ് അപര്യാപ്തമെങ്കിൽ ഉദ്ദേശിച്ച ഫലപ്രാപ്തിയിലെത്താനാവില്ല. ജീവിതാനുഭവങ്ങളും സംസ്കാരവും വഴി രൂപപ്പെടുന്ന സങ്കല്പനങ്ങളെ ആവിഷ്കരിക്കാൻ മെറ്റോണിമിക്കു കഴിയും. വാമൊഴി, വരമൊഴി ഭേദമില്ലാതെ നമ്മുടെ വിവിധ മാനസികവൃത്തികളിലൂടെ അനുഭവങ്ങളെ ആശയങ്ങളാക്കി മാറ്റുകയും ചിന്തയെ യാഥാർത്ഥ്യത്തോട് അടുപ്പിക്കുകയുമാണ് മെറ്റോണിമി ചെയ്യുക. ഗ്രിഗിയന്റെ അഭിപ്രായത്തിൽ മെറ്റോണിമിയുടെ പ്രവർത്തനം ഭൗതികമായ പൊരുത്തക്കേടിനെ ആശ്രയിച്ചു നിൽക്കുന്നു. ലാകോഫും ജോൺസണും അഭിപ്രായപ്പെടുന്നത് രൂപകങ്ങൾക്കുപുറമേ അവ മനുഷ്യന്റെ ചിന്തയുടെയും ഭാഷയുടെയും കേന്ദ്ര



Scanned with CamScanner

മായ ഒരു അനുബന്ധ ആശയപരസംവിധാനമാക്കി സങ്കല്പിക്കപ്പെടണം എന്നാണ്.

## വിവിധ വിഭാഗങ്ങൾ

വസ്തുക്കളുടെ സംയോജനം, ആശയങ്ങൾ, പരസ്പരം സമാനമല്ലാത്ത പ്രവർത്തനങ്ങൾ എന്നിവയെ അടിസ്ഥാനമാക്കിയുള്ള ഏതുതരത്തിലുള്ള ആശയങ്ങൾ ബന്ധിപ്പിച്ചിരിക്കുന്നു എന്നതിന്റെ അടിസ്ഥാനത്തിൽ മെറ്റോണിമിയെ സവിശേഷം, താത്കാലികം, യുക്തിസഹം എന്നിങ്ങനെ വേർതിരിക്കാറുണ്ട്. അവ ജീവിതത്തിന്റെ വ്യത്യസ്തതലങ്ങളെ ആവിഷ്കരിക്കുന്നു. സവിശേഷ മെറ്റോണിമിയിൽ വസ്തുക്കളുടെ ആലങ്കാരികഅർത്ഥം, വലിപ്പം, പ്രത്യേകസ്ഥാനം എന്നിവയൊക്കെ സൂചിപ്പിക്കാറുണ്ട്.

ഉദാ: വലിയ ഫ്ലാറ്റ് (പരിസരബോധത്തിൽനിന്നുണ്ടാകുന്ന അറിവിന്റെ അടിസ്ഥാനത്തിലുള്ള പ്രയോഗം.)

നാട്ടുമുഴുവൻ കൊറോണയാണ്
ഡൽഹി ശാന്തമാണ്

(ഇവിടെ സവിശേഷമായി ആളുകളെ സൂചിപ്പിക്കുന്നു)

താത്കാലിക മെറ്റോണിമിയിൽ ഒരേ പ്രതിഭാസത്തിനോ വസ്തുക്കൾക്കോ നേരിട്ടുള്ള അല്ലെങ്കിൽ ആലങ്കാരിക അർത്ഥമുണ്ടാകാം.

ഉദാ: കൊത്തുപണി (കൊത്തുപണികൾകൊണ്ട് അലങ്കരിച്ചിരിക്കുന്ന എന്ന അർത്ഥത്തിൽ ഉപയോഗിച്ചിരിക്കുന്നു). ലോജിക്കൽ മെറ്റോണിമിയാണ് കൂടുതലായി ഉപയോഗിക്കുന്നത്. ഇവിടെ കാര്യം വസ്തുവിലേക്ക് മാറ്റപ്പെടുന്നു.

ഉദാ: മൂന്ന് സ്പൂൺ കഴിച്ചു
രണ്ട് ഗ്ലാസ്സ് കുടിച്ചു
വിവിധ ഉപാദാന ബന്ധങ്ങൾ

ദൈനംദിനജീവിതത്തിൽ എഴുത്തിലും വാമൊഴിയിലും വിവിധ ഉപാദാനബന്ധങ്ങൾ കടന്നുവരാറുണ്ട്. ചെറിയ അംശംകൊണ്ട് പൂർണ്ണതയെ സൂചിപ്പിക്കൽ (ഉദാ: പാൽ വന്നു), ഒരു ഉത്പന്നംകൊണ്ട് മറ്റൊരു ഉത്പന്നത്തെ സൂചിപ്പിക്കൽ (ഉദാ: മാരുതി വാങ്ങി), സ്ഥാപനങ്ങളെ സ്ഥലംകൊണ്ട് സൂചിപ്പിക്കൽ (ഉദാ: ഡൽഹി തീരുമാനിക്കും), സംഭവങ്ങളെ സ്ഥലംകൊണ്ട് സൂചിപ്പിക്കൽ (ഉദാ: ഡൽഹി പെൺകുട്ടിയുടെ അനുഭവം), ജനങ്ങളുടെ പങ്കിനെ സ്ഥാപനംകൊണ്ട് സൂചിപ്പിക്കൽ (ഉദാ: സിൻഡിക്കേറ്റ് തീരുമാനിച്ചു). ശൈലികളിലെ മെറ്റോണിമികൾ (ഉദാ: കുളം കോരുക), രാഷ്ട്രീയപ്രസംഗങ്ങളിലെ പ്രയോഗങ്ങൾ (ത്രികോണമത്സരം) തുടങ്ങിയവ നാം നിത്യജീവിതത്തിൽ സാധാരണ പ്രയോജനപ്പെടുത്തുന്ന വിവിധതരം ഉപാദാനബന്ധങ്ങളാണ്. പത്രം, റേഡിയോ, ടിവി തുടങ്ങിയ മാദ്ധ്യമങ്ങളിലും വിഷ്വൽ പരസ്യങ്ങളിലും ധാരാളമായി മെറ്റോണിമികൾ ഉപയോഗപ്പെടുത്തുന്നു. പലപ്പോഴും ഇരട്ടഉപാദാനബന്ധം ആണ് പരസ്യങ്ങളിൽ ഉപയോഗിക്കുക. പരസ്യഭാഷയിൽനിന്നും പരസ്യചിഹ്നങ്ങളിൽനിന്നും ആശയസ്വീകരണം നടക്കുന്നതുകൊണ്ടാണ് പരസ്യങ്ങളിൽ ഇരട്ട ഉപാദാനബന്ധം ഉണ്ടെന്ന് ബ്ലുനാക്ക് അഭിപ്രായപ്പെട്ടനാത്.

CS Scanned with CamScanner

നമ്മുടെ സംസാരത്തിലും പ്രഭാഷണങ്ങളിലും സാഹിത്യത്തിലും കണ്ടുവരുന്ന ചില മെറ്റോണിമിക് പ്രയോഗങ്ങളും അവ നല്കുന്ന അധികാർത്ഥസൂചനകളും ചുവടേ ചേർക്കുന്നു:

നല്ല തലയാ: നല്ല ബുദ്ധിയുള്ളയാളാണ്
ഞാൻ ബഷീർ വായിച്ചു: ഞാൻ ബഷീറിന്റെ മുഴുവൻ കൃതികളും വായിച്ചു.
വെള്ളമടിച്ചു: മദ്യപിച്ചു
ഒരു കൈ കൊടുക്കുക: അഭിനന്ദിക്കുക/സഹായം ചെയ്യുക (സന്ദർഭം അനുസരിച്ച്)
താടി വരുന്നു: ഋഷി/സന്ന്യാസി വരുന്നു
പടത്തിനുപോയി: സിനിമ കാണാൻ പോയി
പ്ലേ ചെയ്യുക: സംഗീതഉപകരണം പ്രവർത്തിപ്പിക്കുക
കത്തിച്ചുവിട്ടു: വളരെ വേഗത്തിൽ പോയി
കാറ്റുപോയി: മരിച്ചുപോയി
പർവ്വതം വരുന്നു: വലിയ ആകാരമുള്ളയാൾ വരുന്നു.

മെറ്റോണിമിയെ സവിശേഷം, താത്കാലികം, യുക്തിസഹം എന്നിങ്ങനെ വേർതിരിക്കാറുണ്ട്. സവിശേഷ മെറ്റോണിമിയിൽ വസ്തുക്കളുടെ ആലങ്കാരികഅർത്ഥം, വലിപ്പം, പ്രത്യേകസ്ഥാനം എന്നിവയൊക്കെ സൂചിപ്പിക്കാറുണ്ട്.

മെറ്റോണിമിയിലൂടെ വാച്യാർത്ഥത്തിൽനിന്ന് അധികമായ ഭാവുകത്വതലം സൃഷ്ടിച്ചിരിക്കുന്ന ഏതാനും കവിതാഭാഗങ്ങൾ ചുവടേ ചേർക്കുന്നു:

"മോളിലാണവർ, മാനത്തെമേട/ വീട്ടിലാണക്കഴുകന്മാർ വാഴ്ച" (*കോഴി*: കടമ്മനിട്ട)

കഴുകന്മാർ-അധികാര/മേലാളവർഗ്ഗം, ചൂഷകർ ഇവ സൂചിപ്പിക്കുന്നു.

"ഉയിരുണരുന്ന കിളിപ്പാട്ടായി/ പടിഞ്ഞാറൻകാറ്റിന് വീണയായി" (*കൊച്ചിയിലെ വൃക്ഷങ്ങൾ*: കെ.ജി. ശങ്കരപ്പിള്ള)

പടിഞ്ഞാറൻകാറ്റ് - പാശ്ചാത്യസ്വാധീനം

"കൈകളിൽ പാടേറ്റിയ വക്രത വാക്കിൽ ചേർത്ത/ കാർമഷിയോലും പേന കിണറ്റിലെറിഞ്ഞേക്കൂ" (*വിളി*: ബാലാമണിയമ്മ)

വക്രത - വാക്കിലെ വളച്ചുകെട്ടൽ, കാർമഷി – പാപം, കറുപ്പ് - വർണ്ണ/പാപ/ദളിത് ചിഹ്നം, കിണർ- ഗ്രാമീണഭവനം, നരകം വിസ്മൃതി

"ജോലി കിട്ടുവാൻ/ വീടുവിട്ടു കുചേലന്മാ-/രലഞ്ഞു നാലുദിക്കിലും" (*ഭാരതദർശൻ* - ആറ്റൂർ)

കുചേലന്മാർ - ദരിദ്രരെ സൂചിപ്പിക്കുന്നു.

"മുൾക്കുരിശേന്തി മുടന്തുമ്പോഴെന്നെ നീ/ക്രുദ്ധ മൗനത്താൽ വിചാരണ ചെയ്തിടാം." (*പിറക്കാത്ത മകന്*: ബാലചന്ദ്രൻ ചുള്ളിക്കാട്)

മുൾക്കുരിശ് - കഷ്ടപ്പാട് എന്ന സൂചന



Scanned with CamScanner

"എന്നെ ഞാനാക്കിയ ചെങ്കൊടി, പിന്നെയീ/ നെഞ്ചു പിളർന്ന ചുവന്നൊരീ ചെങ്കൊടി" (*മരണാനന്തരം* - വിജയലക്ഷ്മി)

ചെങ്കൊടി - കമ്മ്യൂണിസ്റ്റ് ആശയങ്ങളെ സൂചിപ്പിക്കുന്നു.

ചുരുക്കത്തിൽ, മെറ്റോണിമി എന്നത് ഒരുതരം സാർവ്വത്രിക ചുരുക്കെഴുത്താണ്. ഭാഷയിൽ ഒരു സൂചകമായി അത് നിലകൊള്ളുന്നു. പരസ്യങ്ങളിലും സിനിമകളിലും നിത്യസംഭാഷണങ്ങളിലും നിറഞ്ഞുനില്ക്കുന്ന മെറ്റോണിമി സാഹിത്യത്തിൽ നൂതനഭാഷ സൃഷ്ടിക്കുകയും സാഹിത്യത്തെ കൂടുതൽ പ്രതീകാത്മകമാക്കുകയും ചെയ്യുന്നു. ചിന്തയും ജ്ഞാനവും ഭാവനയും സമന്വയിപ്പിച്ച് വാച്യാർത്ഥത്തിനപ്പുറമേ നൂതനമായ മറ്റൊരാശയംകൂടി സൂചിപ്പിക്കുവാൻ മെറ്റോണിമിക്ക് കഴിയുന്നു. ഒരു പ്രദേശത്തിന്റെയും എഴുത്തുകാരന്റെയും സംസ്കാരവുമായി ഒരു പരിധിവരെ മെറ്റോണിമി ബന്ധപ്പെട്ടിരിക്കുന്നു. എഴുത്തുകാർക്ക് ആവർത്തനപദാവലികൾ ഒഴിവാക്കാനും മിതവാക്കിലൂടെ ആശയകൈമാറ്റം നടത്താനും ഒപ്പം ഒരു ഇമേജറി സൃഷ്ടിച്ചെടുക്കുന്നതിലൂടെ വായനക്കാർക്ക് കൂടുതൽ ആഴത്തിൽ ആശയഗ്രഹണത്തിന് അവസരമൊരുക്കാനും മെറ്റോണിമിയിലൂടെ കഴിയുന്നു. ഭാഷയ്ക്കുള്ളിൽ നൂതനഭാഷ സൃഷ്ടിക്കുന്ന മെറ്റോണിമി മികച്ച ഒരു ഭാഷാഉപകരണം തന്നെയാണ്.

ഗ്രന്ഥസൂചി


1. ഗിരീഷ്, പി.എം. *അറിവും ഭാഷയും: ധൈഷണികഭാഷാശാസ്ത്രം*. തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2012
2. തോമസ്, സ്കറിയ. *പാശ്ചാത്യസാഹിത്യസങ്കേതങ്ങൾ*. കോട്ടയം: അസെൻഡ് പബ്ലിക്കേഷൻസ്, 2019
3. രാജേന്ദ്രൻ, സി. *പാഠവും പൊരുളും*. ശുകപുരം: വള്ളത്തോൾ വിദ്യാപീഠം, 1998
4. രാമകൃഷ്ണൻ, ദേശമംഗലം. *കവിയുടെ കലാതന്ത്രം*. തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 1989


Scanned with CamScanner